# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം.

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം-അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ. വിഷ്ണു.എം.എസ്-ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം:- നം.ഇബി 1-1807/2025/ആ.വ.ഡ തീയതി 24.01.2025

**ഉത്തരവ് നം. ഇ.ബി1-1807/2025/ആ.വ.ഡ തീയതി : 13-02-2025**

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ആയി ജോലി ചെയ്ത് വരവേ 01.01.2024 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ഡോ. വിഷ്ണു.എം.എസ്-ന്റെ Work & conduct തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് പാർട്ട് II ചട്ടം 19(a)(ii) പ്രകാരം ഡോ. വിഷ്ണു.എം.എസ്-ന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്ക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ മേൽവിലാസത്തിലേയ്ക്ക് അയച്ചു എങ്കിലും അത് കൈപ്പറ്റാതെ തപാൽ വകുപ്പ് തിരികെ നൽകിയിരിയ്ക്കുന്നു. ടി സാഹചര്യത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാന്റെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 25.02.2025 തീയതിയ്ക്കു മുൻപായി ആരോഗ്യവകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിയ്ക്കാവുന്നതാണ്.

അല്ലാത്തപക്ഷം ഇനിയൊരറിയിപ്പു കൂടാതെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നറിയിക്കുന്നു.

Signed by
Reena K J
Date: 13-02-2025 18:33:32

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. വിഷ്ണു.എം.എസ്, വിശാല, ധനുവച്ചപുരം, ധനുവച്ചപുരം.പി.ഒ, തിരുവനന്തരപുരം - 695503

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. ഫയൽ/കരുതൽ ഫയൽ